UN – 087

– 6 –

# I Semester B.A./B.Sc./B.Com. Examination, November/December 2015
## (Repeaters) (2010-11 and Onwards)
## MALAYALAM LANGUAGE (Part – I) (Paper – I)

Time : 3 Hours Max. Marks : 90/100

***Instructions :*** *1)* ***100*** *marks for students of* ***2010-11*** *and onwards.*
*2)* ***90*** *marks for Repeater students prior to* ***2011-12****.*
*3) Question No.* ***V*** *only for* ***2011-12*** *onwards.*

I. ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×5=20)**

ST. CLARET COLLEGE
LIBRARY

1) ''ഹന്ത ! തടി തളർന്നാർത്തി കലരുന്ന
ജന്തു നിസർഗ്ഗ വികാര മേലാ''

2) 'പാവനം നുകരുന്നു തൻ ശുദ്ധമാം
ഭാവി വിജ്ഞാനധാരയെന്നോർത്തപോൽ''

3) ''പരിസരശക്തി ഗുണത്താൽ മർത്ത്യർ
പരിശുദ്ധരാകും പാപിഷ്ഠർ പോലും''

4) ''പൊൻ മുകിൽച്ചാർത്തുകൾ നീക്കി -യുദി –
ച്ചുന്മുഖനാം രവിപോലെ''

5) ''സ്നേഹം നരകത്തിൻ ദ്വീപിൽ-സ്വർഗ്ഗ –
ഗേഹം പണിയും പടുത്വം''

II. a) ഏതെങ്കിലും **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക (**ഒന്നരപു**റത്തിൽ കവിയാതെ). **(2×8=16)**

1) ബുദ്ധ ഭിക്ഷുവിന്റെ വരവിനെ കവി എങ്ങനെയാണ് വർണ്ണിക്കുന്നത് ?

2) ആനന്ദ ഭിക്ഷുവിനെ അന്വേഷിച്ച് മാതംഗി പുറപ്പെടുന്ന രംഗം വിവരിക്കുക.

3) ബുദ്ധാശ്രമത്തിൽ എത്തിയ മാതംഗിയുടെ ദിനചര്യകൾ എന്തെല്ലാം ?

P.T.O.

b) ഏതെങ്കിലും **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക (**ഒന്നരപുറ**ത്തിൽ കവിയാതെ). **(2x8=16)**

1) തെറ്റായ വികസന പ്രവർത്തനങ്ങൾ പരിസ്ഥിതിയെ എങ്ങനെ ബാധിക്കും ?

2) "കാവു മുടിച്ചാൽ കിണറു വറ്റുമെന്ന് " പഴമക്കാർ പറയുന്നത് എന്തുകൊണ്ട് ?

3) പരിസ്ഥിതിയെ സംരക്ഷിക്കേണ്ടത് എങ്ങനെയെല്ലാം ?

III. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**രണ്ടര**പുറത്തിൽ കവിയാതെ). **(1x15=15)**

1) ബുദ്ധ ഭഗവാനും പ്രസേനജിത്ത് രാജാവും തമ്മിലുള്ള കൂടിക്കാഴ്ച.

2) കവിയുടെ വർണ്ണനാപാടവം "ചണ്ഡാലഭിക്ഷുകി" എന്ന കവിതയെ മുൻനിർത്തി വിലയിരുത്തുക.

IV. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക. (**രണ്ടര**പുറത്തിൽ കവിയാതെ). **(1x15=15)**

1) "പ്രകൃതി സംരക്ഷണം ഒരു വിശ്വാസവും മതവുമാണ് " – വിലയിരുത്തുക.

2) വികസനവും പരിസ്ഥിതിയും എന്നതുകൊണ്ട് ഇന്ന് ഉദ്ദേശിക്കുന്നത് എന്തെല്ലാം ?

V. ഏതെങ്കിലും **ഒന്നിനെ**ക്കുറിച്ച് കുറിപ്പെഴുതുക. **10**

1) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം.

2) വിവര സാങ്കേതിക വിദ്യയുടെ വളർച്ച സാധ്യത.

VI. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ആശയം **മൂന്നിലൊന്നായി** സംഗ്രഹിക്കുക. **8**

വികസനമെന്നാൽ അനാവശ്യവും അപകടകരവുമായ ഒരായിരം ഉപഭോഗ വസ്തുക്കളെ മത്സരബുദ്ധിയോടെ നിർമ്മിച്ചു നിരത്തുന്ന ചെറുതും വലുതുമായ അനേക ലക്ഷം വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കൽ എന്നായിരിക്കുന്നു. ഉടൻ തൃപ്തി നൽകണമെന്ന് ശഠിക്കുന്ന ഒരായിരം കൃത്രിമാവശ്യങ്ങൾ ഉണ്ടാക്കി തീർക്കൽ എന്നായിരിക്കുന്നു. ആധുനിക മനുഷ്യന്റെ സുഖഭോഗങ്ങൾ തേടിയുള്ള ഈ ഭ്രാന്തൻ പാച്ചിൽ. ഈ ജ്വരാന്ധമായ തിടുക്കം, അവനെ മാനസികവും ശാരീരികവുമായ വിവിധ രോഗങ്ങൾക്ക് ഇരയാക്കുന്നു. അവൻ കൂടുതൽ ഭയാക്രാന്തനായി തീരുന്നു. കൃത്രിമ ആഹാരങ്ങളിലൂടെയും വസ്ത്രാഡംബരങ്ങളിലൂടെയും എണ്ണമറ്റ സുഖത്തേ ജനങ്ങൾ തേടി അവർ പാഞ്ഞുകൊണ്ടിരിക്കുന്നു. ഇവയ്ക്കെല്ലാം വേണ്ടി വിവേകരഹിതമായി ചൂഷണം ചെയ്യപ്പെടുന്നത് പ്രകൃതി വിഭവങ്ങളാണ്. നമ്മുടെ ആദിമ സമ്പത്തിന്റെ ഈ അമിത ചൂഷണം തന്നെയാണ് പരിഹാരമില്ലാത്ത പല പ്രശ്നങ്ങൾക്കും കാരണമായിത്തീർന്നിരിക്കുന്നത്. വായു മലിനീകരണത്തിനും ആസിഡ് മഴകൾക്കും ആണവവികിരണങ്ങൾക്കും രാഷ്ട്രാതിർത്തികൾ അറിഞ്ഞുകൂടാ എന്നും നാം ഇന്ന് മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു.

---